# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 28.06.2012 ൽ മറുപടിയ്ക്ക്
നിയമസഭാ ചോദ്യം നം. 4233

## പുതിയ വിദ്യാലയങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് പുതിയ വിദ്യാലയങ്ങൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ; | (എ) | സ.ഉ.(പി) 98/2012/പൊ.വി. തീയതി 28.03.2012 പ്രകാരം വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി ഇനിയും സ്കൂളുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ സർക്കാർ സ്കൂളുകൾ തുടങ്ങുവാൻ തത്വത്തിൽ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സ്വാശ്രയ മേഖലയിൽ പ്രവർത്തിച്ചു വരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | | ബി യും സി യും<br><br>അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് അർഹമായവയ്ക്ക് അംഗീകാരം നൽകുന്നതാണ്. |
| (സി) | എങ്കിൽ ഏതെല്ലാം സ്കൂളുകൾക്കാണ് അംഗീകാരം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

Sd/

സെക്ഷൻ ഓഫീസർ